LIBRARY ARCHIVES Kerala Legislative Assembly

വനിതാ വികസന കോർപ്പറേഷൻ വായ്പകൾ

84 (534) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 2006-10 കാലയളവിൽ പാലക്കാട് ജില്ലയിൽ വിതരണം ചെയ്ത വായ്പയുടെയും പദ്ധതികളുടെയും വിശദാംശങ്ങളുടെ അസംബ്ലിമണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ കാലഘട്ടത്തിൽ എത്ര വായ്പാ അപേക്ഷകളാണ് ലഭിച്ചത് ; അതിൽ എത്രയെണ്ണത്തിന് വായ്പ അനുവദിച്ചു ; മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 2006-10 കാലയളവിൽ പാലക്കാട് ജില്ലയിൽ 1,02,25,950 രൂപയുടെ സ്വയംതൊഴിൽ വായ്പ വിതരണം ചെയ്തിട്ടുണ്ട്. അസംബ്ലിതിരിച്ചുള്ള കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഈ കാലഘട്ടത്തിൽ 207 അപേക്ഷകൾ ലഭിച്ചതിൽ വായ്പ നിബന്ധനകൾ പാലിച്ച 124 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകരിൽ അർഹമായ അപേക്ഷകൾ ആവശ്യമായ ജാമ്യരേഖകൾ ഹാജരാക്കുക, യഥാസമയം കരാർ ഒപ്പിടുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കാത്തതിനാൽ വായ്പ വിതരണംചെയ്യാൻ കഴിഞ്ഞിട്ടില്ല. മണ്ഡലം തിരിച്ചുള്ള കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

കെ.എസ്.ഡബ്ല്യു.ഡി.സി.-ലെ നിയമനങ്ങൾ

85 (535) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഡബ്ല്യു.ഡി.സി-ലും അതിന്റെ കീഴിലുള്ളതും മറ്റ് പേരുകളിൽ പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങളിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നാളിതുവരെ ഏതെങ്കിലും ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെ ; തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഇവിടങ്ങളിൽ പുതുതായി എത്ര പേരെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചു ; നിയമനം നൽകിയ രീതിയും നിയമിക്കാനുപയോഗിച്ച മാനദണ്ഡവും വ്യക്തമാക്കുമോ ;

(ഡി) ഇവിടത്തെ ഉദ്യോഗസ്ഥരിൽ ആർക്കൊക്കെ ശമ്പളത്തിന് പുറമേ റ്റി.എ, ഡെയ്‌ലി അലവൻസ്, ചായസൽക്കാര ചെലവ്, ഫോൺ ബിൽ എന്നിവ അധികമായി നൽകുന്നുണ്ട് ; അത്തരത്തിൽ ഓരോരുത്തരും ചെലവഴിച്ച തുക പട്ടിക തിരിച്ച് നൽകാമോ ;

(ഇ) ഈ സ്ഥാപനത്തിൽ നിന്നും ഗവൺമെന്റ്, ഗവൺമെന്റേതര ഏജൻസികൾ, മാധ്യമങ്ങൾ, ചാനലുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് പരസ്യത്തിലൂടെയും മറ്റിനങ്ങളിലുമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിവിധ കാലയളവുകളിൽ നൽകിയ തുകയുടെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 15-12-2009-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്.)നമ്പർ 56/2009/എസ്,ഡബ്ല്യു.ഡി. പ്രകാരം വനിതാ വികസന കോർപ്പറേഷനിൽ താഴെ പറയുന്ന തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നതും പത്ത് വർഷത്തിന് മുകളിൽ സർവ്വീസ് ഉള്ളതുമായ അഞ്ച് പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

പേര്	തസ്തിക	എണ്ണം
ശ്രീമതി ജയ പ്രസന്നൻ	കമ്പ്യൂട്ടർ അസിസ്റ്റന്റ്	1
ശ്രീമതി റ്റി. കെ. ഷൈല	പ്യൂൺ	2
ശ്രീമതി ശ്യാമള	"	
ശ്രീ. സുബ്രഹ്മണ്യൻ	വാച്ച്മാൻ	1
ശ്രീമതി കെ. രാധാമണി	പാർട്ട്ടൈം സ്വീപ്പർ	1

(ബി) വനിതാ വികസന കോർപ്പറേഷനിൽ അവർക്ക് പത്ത് വർഷത്തെ തുടർച്ചയായ സർവ്വീസ് കണക്കിലെടുത്താണ് ജീവനക്കാരെ സ്ഥിരപ്പെടുത്തിയത്.

(സി) 17-7-2010-ലെ ജി.ഒ.(എം.എസ്.)നമ്പർ 42/2010/സാ.ക്ഷേ.വ. പ്രകാരം ശ്രീ. പി. റ്റി. മുഹമ്മദ് സുനീഷിനെ മന്ത്രിസഭായോഗ തീരുമാനപ്രകാരം മാനേജിംഗ് ഡയറക്ടറായി നിയമിച്ചു. കൂടാതെ സർക്കാർ അനുവദിക്കുന്ന പദ്ധതി നിർവ്വഹണത്തിനായി പദ്ധതി കാലയളവിലേക്കുമാത്രം താൽക്കാലികമായി ജീവനക്കാരെ നിയോഗിച്ചുവരുന്നു.

(ഡി) ഔദ്യോഗികാവശ്യത്തിനായി റ്റി.എ., ഡെയിലി അലവൻസ്, ചായ സൽക്കാരചെലവ്, ഫോൺ ബിൽ എന്നീ ഇനത്തിൽ ചെലവാകുന്ന തുക സർക്കാർ നിബന്ധനകൾക്കനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് റീ ഇംബേഴ്സ് ചെയ്തുനൽകുന്നു. ഈ ഇനത്തിൽ ചെലവായ തുകയുടെ പട്ടിക ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	റ്റി.എ മാനേജിംഗ് ഡയറക്ടർ (രൂപ ലക്ഷത്തിൽ)
2006-07	0.86
2007-08	0.45
2008-09	1.99
2009-10	1.60
2010-11	1.26

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം	റ്റി.എ. ഇതര ഉദ്യോഗസ്ഥർ (രൂപ ലക്ഷത്തിൽ)
2006-07	5.27
2007-08	3.04
2008-09	4.25
2009-10	4.30
2010-11	1.88

മാനേജിംഗ് ഡയറക്ടർ ഫോൺ ബിൽ ഇനത്തിൽ 55,535 രൂപ 2010 ഡിസംബർ വരെ ചെലവാക്കിയിട്ടുണ്ട്.

(ഇ) വനിതാ വികസന കോർപ്പറേഷനിൽനിന്നും 2006-07-ൽ 4.19 ലക്ഷം രൂപയും, 2007-08-ൽ 3.42 ലക്ഷം രൂപയും 2008-09-ൽ 3.90 ലക്ഷം രൂപയും 2009-10-ൽ 4.79 ലക്ഷം രൂപയും 2010-11-ൽ 5.21 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

2010-ലെ സാമൂഹ്യക്ഷേമവകുപ്പ് സ്പെഷ്യൽ റൂൾ ഭേദഗതി

86 (536) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ലെ സാമൂഹ്യക്ഷേമവകുപ്പ് സ്പെഷ്യൽ റൂൾ ഭേദഗതിയിൽ മിനിസ്റ്റീരിയൽ വിഭാഗം സ്ത്രീ ജീവനക്കാരെ ഒഴിവാക്കി സി.ഡി.പി.ഒ., എ.സി.ഡി.പി.ഒ. തസ്തികകൾ പൂർണ്ണമായും ഐ.സി.ഡി.എസ്. സൂപ്പർവൈസർ മാർക്കായി സംവരണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇങ്ങനെയുള്ള സംവരണം കേന്ദ്ര നിർദ്ദേശങ്ങൾക്കനുസൃതമായാണോ നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-3-2010-ലെ സ.ഉ.(പി.)നമ്പർ 23/10/സാ.ക്ഷേ.വ. പ്രകാരം നിലവിൽവന്ന കേരള സോഷ്യൽ വെൽഫെയർ സ്റ്റേറ്റ് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് സി.ഡി.പി.ഒ. തസ്തികയിലെ നിയമനം, കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ ഉൾപ്പെട്ട എ.സി.ഡി.പി.ഒ./ന്യൂട്രീഷനിസ്റ്റ്/പ്രീ-സ്കൂൾ എജ്യൂക്കേഷനിസ്റ്റ്/സോഷ്യോളജിസ്റ്റ്/സോഷ്യൽ സയന്റിസ്റ്റ് (വനിതാ ജീവനക്കാർ) എന്നിവരിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയും, ഇവരുടെ അഭാവത്തിൽ കേരള സോഷ്യൽ വെൽഫയർ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിൽനിന്നും ബൈട്രാൻസ്ഫർ മുഖേനയും പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിനുമാണ് വ്യവസ്ഥ ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly